**Chicago Knanaya Catholic Parish Bulletin**
**Sacred Heart Knanaya Catholic Church,** 611 Maple St., Maywood, IL 60153
**St. Mary's Knanaya Catholic Parish Unit,** 5212 W. Agatite Ave, Chicago, IL 60630
October 25, 2009, Vol. 5, Issue 5
All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm

# Mission Sunday

# 18th Knanaya Mission in Connecticut

## Congratulations to the Connecticut Mission

**FR. JOSE THARACKAL IS NEW DIRECTOR OF PHILADELPHIA MISSION.**
**HE IS ALSO THE DIRECTOR OF BROOKLYN AND NEWARK MISSIONS.**
**FR. JAMES PONGANAYIL IS THE DIRECTOR OF NEW CONNECTICUT MISSION.**
**HE CONTINUES AS THE DIRECTOR OF WESTCHESTER/BRONX AND ROCKLAND.**
**CONGRATULATIONS TO FR. JAMES PONGANAYIL AND FR. JOSE THARACKAL.**
**THANKS TO MAR MATHEW MOOLAKKATT AND MAR JACOB ANGADIATH.**







*(Mar Mathew Moolakkatt, Mar Jacob Angadiath, Fr. Abraham Mutholath, Fr. James Ponganayil, Fr. Jose Tharackal)*

- Inauguration of the Knanaya Catholic Mission of Connecticut on Friday October 23rd.
- Connecticut is the 18th mission (including two parishes) of Knanaya Catholic Region.
- Thanks to Vicar General & Region Director Fr. Abraham Mutholath, KCCNA, and the Knanaya Community in Connecticut for their support.
- Special thanks to Rev. Fr. Thomas Vattothuparambil, the former director of Philadelphia Mission.



Inauguration of the Knanaya Catholic Mission of Minnesota by Vicar General and Knanaya Region Director Rev. Fr. Abraham Mutholath.

## PASTOR / VICAR

**Fr. Abraham Mutholathu Jacob**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***
**For a list of Voluntary Staff / upcoming events, visit:**
***www.knanayaregion.us/chicago/staff.htm***
***www.knanayaregion.us/chicago/calendar.htm***

## HOLY MASS

**SUNDAY 10:00 A.M. at Maywood.**
**ENGLISH MASS at 11:30 A.M. at Maywood.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago.**
**THURSDAY 7:00 P.M. Community Center.**
**FRIDAY 7:00 P.M. at Maywood.**
**SATURDAY 10:00 A.M. at Maywood.**

## SYRO-MALANKARA MASS

**Third Sundays of the month at 8:30 A.M.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M.**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**

## SACRAMENT OF RECONCILIATION (CONFESSION)

**Every Sunday from 10:00 A.M. at Maywood.**
**First and Third Sundays from 3:45 P.M. at OLV.**

## ADORATION

**ALL: First Fridays after Mass.**
**YOUTH: First & Third Saturdays after Holy Mass.**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

## PRAYER GROUP

**Sundays after 10:00 A.M. Mass.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

## LEGION OF MARY

**First and Third Saturdays after 10:00 A.M. Mass.**

November 2009

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | | | | | |

# Schedule of Events

### FRIDAY, OCTOBER 23, 2009

Marriage Preparation Course starts today evening at Maywood Church and ends on Sunday evening.
Holy Mass and Rosary at Maywood Church at 7:00 P.M.

### SATURDAY, OCTOBER 24, 2009

Marriage Preparation Course Continues.
Holy Mass, Novena of Our Lady of Perpetual Help and ROSARY at Maywood at 10:00 A.M.
St. Stephen's Koodara Yogam at the house of Jaimon Nandikat, 2614 Modass Rd., Naper Ville IL at 7:00 P.M..

### SUNDAY, OCTOBER 25, 2009

Mission Sunday Observance in our churches.
Second Collection and Auction for Missions
Syro-Malankara Holy Mass at 8:30 A.M. at Maywood.
Holy Mass at Maywood at 10:00 A.M.
Religious Education Class at Maywood from 10:00 A.M.
Rosary in Parish Hall for adults.
English Mass at 11:40 A.M.
Religious Education Class of St. Mary's Parish Unit from 3:45 P.M. to 5:00 P.M.
Holy Mass at OLV at 5:30 P.M

### WEDNESDAY, OCTOBER 28, 2009

Feast Day of St. Jude.

### THURSDAY, OCTOBER 29, 2009

Holy Mass, Novena, and Benediction at Community Center at 7:00 P.M.

### FRIDAY, OCTOBER 30, 2009

Holy Mass at Maywood Church at 7:00 P.M.

### SATURDAY, OCTOBER 31, 2009

All Souls Day Observance at Maywood with Holy Mass at 10:00 A.M. followed by prayer service at Knanaya Cemetery. Photos of the deceased can be displayed for the services.
Holy Mass, and Novena at Maywood at 10:00 A.M.

### SUNDAY, NOVEMBER 1, 2009

All Souls Day.
Holy Mass at Maywood at 10:00 A.M.
Religious Education Class at Maywood from 10:00 A.M.
Meeting of men's and women's ministry in the hall after Malayalam Mass.
English Mass at 11:40 A.M.
Religious Education Class of St. Mary's Parish Unit from 3:45 P.M. to 5:00 P.M.
All Souls Day Observance at OLV during 5:30 P.M. Mass. Photos of the deceased can be displayed for the services.

### MONDAY, NOVEMBER 2, 2009

All Souls day - Latin Rite.

### THURSDAY, NOVEMBER 5, 2009

Holy Mass, Novena, and Benediction at Community Center at 7:00 P.M.

### FRIDAY, NOVEMBER 6, 2009

Holy Mass at Maywood Church at 7:00 P.M.
First Friday Adoration by St. Thomas Koodarayogam after 7:00 P.M. Mass at Maywood.

### SATURDAY, NOVEMBER 7, 2009

Holy Mass and Novena at Maywood at 10:00 A.M.
Youth Prayer Group after 10:00 A.M. mass.



# വികാരിയുടെ സന്ദേശം

## ഉദാരമതികളെ ഏറെനാൾ നാം ബുദ്ധിമുട്ടിക്കരുത്.

എന്റെ പ്രിയ സഹോദരങ്ങളേ,

അഗോള സഭയോടുചേർന്ന് ഈ ഞായറാഴ്ച നാം പ്രേഷിത ഞായർ ആചരിക്കുകയാണല്ലോ. മിഷൻ പ്രവർത്തനത്തിന് ആന്തരികവും ബാഹ്യവുമായ ദ്വിവിധ തലങ്ങളുണ്ടെങ്കിലും സാധാരണഗതിയിൽ അന്യമതസ്ഥർക്കിടയിലെ സുവിശേഷവൽക്കരണത്തേക്കുറിച്ചേ നാം പൊതുവേ മിഷൻ ഞായറിൽ ചിന്തിക്കാറുള്ളു.

ഈശോയുടെ രക്ഷാകര പദ്ധതിയെ അറിയാത്തവർക്കും നിസ്വാർത്ഥ സ്നേഹവും സേവനവും ലഭിക്കാത്ത ഹതഭാഗ്യർക്കും ഇടയിൽ ക്രൈസ്തവ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും വിമോചനത്തിന്റെയും കൈത്തിരിയുമായി ഈശോയുടെയും നമ്മുടെയും പ്രതിനിധികളായെത്തുന്ന ക്രൈസ്തവ മിഷനറിമാരെ നമുക്ക നന്ദിയോടെ സ്മരിക്കാം. അവരുടെ സമർപ്പിത ശുശ്രൂഷയുടെ വിജയത്തിന് പ്രാർത്ഥനയും സാമ്പത്തിക പിന്തുണയും അത്യുത്സാഹത്തോടെ നല്കാം. പ്രേഷിതഞായർ ആചരിക്കുന്ന ഈ കൊന്ത മാസത്തിൽ മിഷനറിമാരുടെ ഉദാത്ത മാതൃകയായ ഫാദർ ഡേമിയേനെ വിശുദ്ധ പദവിയിലേയ്ക്കുയർത്തിയതിൽ നമുക്ക സന്തോഷത്തോടെ ദൈവത്തിനു സ്തുതി പാടാം.

പുറജാതിക്കാർക്കിടയിലെ പ്രേഷിത പ്രവർത്തനം പോലെ തന്നെ സുപ്രധാനമാണ് ക്രിസ്തീയ ചൈതന്യം മന്ദീഭവിക്കുന്ന സഭാതനയരായ നമുക്കിടയിലെ സുവിശേഷ നവീകരണവും. നമ്മൾ തന്നെയും നമ്മുടെ കുടുംബങ്ങളും ഇടവക സമൂഹവും നിരന്തരം ആത്മീയ ഉണർവ്വിൽ നിലനില്ക്കണം. അതിൽ വേണ്ടത്ര ശ്രദ്ധചെലുത്താതെവന്നാൽ, നമ്മുടെ നാട്ടിൽ വിശ്വാസ ദീപവുമായെത്തിയ യൂറോപ്പിലെ പല ക്രൈസ്തവ കേന്ദ്രങ്ങൾക്ക് ഇന്നു വന്നുഭവിച്ച ആത്മീയ പതനത്തിലേയ്ക്കു നാമും പതിയ്ക്കും. യൂറോപ്പിലെ സഭാ പതനത്തിന്റെ അലയടികൾ ഇന്ന് നാം അധിവസിക്കുന്ന അമേരിക്കയിലെ സഭയിലും പ്രതിധ്വനിക്കുന്നുണ്ട്. അവിടെ മാത്രം പരിശീലിപ്പിക്കപ്പെടുന്ന നമ്മുടെ കുട്ടികളെയും അതു ബാധിക്കാതിരിക്കില്ല.

അമേരിക്കയിൽ കുടിയേറിയ നമ്മെ ഏറെ സഹായിച്ചുകൊണ്ടിരിക്കുന്നവരാണ് ഇവിടുത്തെ ലത്തീൻ പള്ളിക്കാർ. അവരുടെ വലിയ സഹകരണത്തിനും നമ്മോടുള്ള സഹിഷ്ണുതയ്ക്കും നാം എക്കാലവും നന്ദിയുള്ളവരായിരിക്കണം. എന്നാൽ കത്തോലിക്കാ സഭയിലെതന്നെ 22 പൗരസ്ത്യ സഭകളിലൊന്നായ സീറോ-മലബാർ സഭാംഗങ്ങളെന്നനിലയിലും നൂറ്റാണ്ടുകളുടെ സഭാധിഷ്ഠിത പാരമ്പര്യമുള്ള അപൂർവ്വ വംശമെന്ന നിലയിലും സ്വന്തമായ ക്നാനായ സഭാ സംവിധാനം പടുത്തുയർത്തുവാൻ അനുവാദവും അവകാശവും കടമയുമുള്ളവരാണ് നാം. ഷിക്കാഗോയിലെ സീറോ-മലബാർ രൂപത 2001ൽ നിലവിൽ വന്നപ്പോഴാണ് അതിന് അനുകൂല സാഹചര്യമൊരുങ്ങിയത്. രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്തുപിതാവാകട്ടെ, നമ്മുടെ സഭാപരമായ വളർച്ചയ്ക്ക് മതിവരുവോളം പ്രോത്സാഹനം നല്കുന്നുമുണ്ട്.

നാട്ടിൽനിന്ന് ഇവിടെ കുടിയേറുമ്പോൾ നമ്മൾ സുഹൃത്തുക്കളുടെയോ ബന്ധുക്കളുടേയോ വീട്ടിൽ ആശ്രിതരായി കൂടുമെങ്കിലും എത്രയുംവേഗം അപ്പാർട്ടുമെന്റെടുത്ത് സ്വയാശ്രയത്വത്തിലേയ്ക്കു മാറുകില്ലേ? സ്വന്തം കാലിൽ നില ഉറപ്പിക്കുന്നതിനനുസരിച്ചു നല്ല വസ്ത്രവും കാറും വീടും നാം സ്വന്തമാക്കി അഭിമാനത്തോടെ ജീവിച്ചു തുടങ്ങും. ഇതുപോലെ ലത്തീൻ സഭയുടെ താല്ക്കാലിക ആശ്രിതരായി കൂടിയ നാം ദീർഘകാലത്തേയ്ക്കോ ശാശ്വതമായോ അവരുടെ ഇത്തിൾകണ്ണികളായി നിലനില്ക്കുവാൻ ഇടയാകരുത്. കാരണം നാം ലത്തീൻ സഭയിൽനിന്നു വ്യത്യസ്ഥമായി സ്വന്തമായ സഭാ സംവിധാനത്തിനു അർഹതപ്പെട്ടവരാണ്; അതിനു പ്രാപ്തരുമാണ്. ഈ അവബോധം ലത്തീൻ പള്ളികളിൽ പരിശീലിപ്പിക്കട്ട നമ്മുടെ ചെറുപ്പക്കാർക്കു നല്കണം.

നമ്മുടെ സഭാപരമായ തനതാത്മകത നിലനിർത്തിക്കൊണ്ട് പ്രാദേശിക സഭയോടു സഹകരിക്കുവാനും അതിനു കരുത്തേകുവാനും കഴിയണമെന്നാണ് ക്നാനായ ഉത്ഭവകാല ചരിത്രം നമ്മെ അനുസ്മരിപ്പിക്കുന്നത്. നാലാം നൂറ്റാണ്ടിലെ നമ്മുടെ പൂർവ്വികരുടേത് പ്രേഷിതകുടിയേറ്റമായിരുന്നല്ലോ. മലബാറിലെ ക്ഷയിച്ചു കൊണ്ടിരുന്ന മാർതോമ്മാ ക്രിസ്ത്യാനികൾക്ക് കൽദായ റീത്തും സഭാ ശുശ്രൂഷയും ജീവിത മാതൃകയും നല്കി സ്വന്തം ക്നാനായ-കൽദായ സഭയേയും മലബാറിലെ മാർത്തോമ്മാ സഭയേയും ഊർജ്ജസ്വലമാക്കിയ നമ്മുടെ പൂർവ്വികരുടെ പ്രേഷിത മാതൃക നമുക്കു പ്രചോദനമാകണം. അതിനാൽ നമ്മൾ ഇവിടുത്തെ പ്രാദേശിക സഭകൾക്ക് മാതൃകയായി മാറണം.

കുടിയേറ്റകാലത്തെ ഗതികേടുമൂലം നാമും നമ്മുടെ മക്കളും ഉദാര മനസ്കരായ ലത്തീൻ പള്ളിക്കാരുടെ ആശ്രിതരായെങ്കിലും അവരെ ഇനിയും നാം ബുദ്ധിമുട്ടിക്കരുത്. മക്കൾ മുലകുടി നിർത്തേണ്ട സമയത്ത് അതു ചെയ്യില്ലെങ്കിൽ തന്റെയും മക്കളുടെയും നന്മയെ കരുതി കയ്പുള്ള ചെന്നിനായകം പുരട്ടിപ്പോലും നാട്ടിലെ അമ്മച്ചിമാർ മക്കളെ സ്വയംപര്യാപ്തരാക്കിയിരുന്നു. ഈ അനാവശ്യ പരാശ്രയം നിർത്താത്തവർ ഇനിയും ഇതു വൈകിക്കുടാ. ഇക്കാര്യം ചില ലത്തീൻ വൈദികർ എന്നോട് വാമൊഴിയായും രേഖാമൂലവും ആവശ്യപ്പെട്ടിട്ടുണ്ട്.

അമേരിക്കയിലെ ക്നാനായ കുടിയേറ്റക്കാരുടെ ലത്തീൻ സഭ

### നുറുങ്ങുവെട്ടം

ലോകത്തിനു താനൊരു കുഞ്ഞിനെ
നല്കിയ സന്തോഷത്തിൽ സ്ത്രീ തന്റെ
പ്രസവ വേദന വിസ്മരിക്കുന്നു.
(യോഹ. 16:21).



# ഫാ. കോട്ടൂരും ഫാ. പൂതൃക്കയിലും വൈദികർക്കയച്ച കത്ത്

ബഹുമാനപ്പെട്ട അച്ചാ,

സുഖമെന്നു വിശ്വസിക്കുന്നു. ക്ഷേമത്തിനായി പ്രാർത്ഥിക്കുന്നു. വൈദികവർഷത്തിന്റെ പ്രാർത്ഥനാശംസകൾ ഹൃദയപൂർവ്വം നേരുന്നു. വി. ജോൺ മരിയ വിയാനിയിലൂടെ ദൈവാനുഗ്രഹം സമൃദ്ധമായി ലഭിക്കുവാൻ പരസ്പരം പ്രാർത്ഥിക്കാം.

ഈ കത്തെഴുതുന്ന വൈദികരായ ഞങ്ങൾ രണ്ടു പേരേയും അച്ചനു മനസ്സിലായെന്നു വിശ്വസിക്കുന്നു. നേരിൽ കണ്ടിട്ടില്ലെങ്കിലും, അഭയാക്കേസുമായി ബന്ധപ്പെടുത്തി മാധ്യമങ്ങളിലൂടെ ഞങ്ങൾ സുപരിചിതരാണല്ലോ. സഹനനാളുകളിൽ ഞങ്ങൾ മൂന്നു പേർക്കായി അച്ചൻ തീക്ഷ്ണമായി പ്രാർത്ഥിച്ചതിനു നന്ദി പറയുവാനാണ് പ്രധാനമായും ഈ കത്തെഴുതുന്നത്. നിരപരാധികളായ ഞങ്ങളെ ജയിലിലടച്ചു പീഡിപ്പിച്ചപ്പോഴും സമൂഹത്തിന്റെ മുമ്പിൽ വളരെ മോശമായി ചിത്രീകരിച്ചു തേജോവധം ചെയ്തപ്പോഴും സ്വന്തം സഹോദരങ്ങളെപ്പോലെ ഞങ്ങൾക്കായി, നിങ്ങൾ, വൈദികരെല്ലാവരും പ്രാർത്ഥിച്ചു. വൈദിക കൂട്ടായ്മയിലൂടെ ലഭിച്ച പ്രാർത്ഥനയും സോളിഡാരിറ്റിയും ഞങ്ങൾക്കു വലിയ ശക്തിയും പിന്തുണയുമായിരുന്നു. അതിനെല്ലാം വളരെ ആത്മാർത്ഥമായി നന്ദി പറയുന്നു. നിങ്ങളോടുള്ള പ്രതിനന്ദി എന്നും ബലിയർപ്പിക്കുമ്പോൾ ഞങ്ങൾ തമ്പുരാന്റെ കൈകളിൽ നല്കുന്നുണ്ട്.

തികഞ്ഞ ആത്മാർത്ഥതയോടെ സഹവൈദികരായ നിങ്ങൾക്കു ഞങ്ങൾ ഉറപ്പുതരുന്നു: അഭയക്കേസിൽ ഞങ്ങൾക്കു യാതൊരു പങ്കുമില്ല. ഈ സംഭവവുമായി ബന്ധപ്പെട്ട അപക്വമായ ഒരു പെരുമാറ്റം പോലും ഞങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഈ സംഭവം സഭയുടെ പൊതുവേദനയായി വൈദികരെല്ലാവരും കാണുകയും പരിഗണിക്കുകയും ചെയ്യുന്നതിൽ ഞങ്ങൾക്ക് ഏറെ സന്തോഷമുണ്ട്. അഭിവന്ദ്യ പിതാക്കന്മാരും വൈദികരുമുൾപ്പടെ അനേകർ ഞങ്ങളെ നേരിൽ സന്ദർശിച്ചും കത്തുവഴിയും ഫോൺ വഴിയും ആശ്വാസവും ധൈര്യവും നല്കിയത് നന്ദിയോടെ ഓർക്കുന്നു. ഈ കേസുമൂലം കത്തോലിക്കാ സഭയ്ക്കും വൈദികർക്കും സമർപ്പിതർക്കും ഉണ്ടായ അപമാനം അഭിമാനമായി മാറുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു. അതിനായി പ്രാർത്ഥിക്കുന്നു.

പുണ്യചരിതനായ ബനഡിക്ടച്ചന്റെയും നിശബ്ദസഹനങ്ങൾ ഏറ്റെടുക്കേണ്ടിവന്ന അനേകം വൈദികരുടെയും ശക്തമായ മാദ്ധ്യസ്ഥം ഈ കേസിൽ ലഭിക്കുന്നുണ്ട്. അച്ചന്റെയും അച്ചന്റെ ഇടവകയിലെ ദൈവജനത്തിന്റെയും പ്രാർത്ഥന തുടരണമെന്ന് വിനയപൂർവ്വം ഞങ്ങൾ അപേക്ഷിക്കുന്നു. മാധ്യമങ്ങൾ ഇപ്പോഴും കുപ്രചരണങ്ങൾ നടത്തുകയാണല്ലോ. നാർക്കോ സിഡിയുടെ സംപ്രേഷണത്തിലൂടെ സാധാരണ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുവാനും ഞങ്ങളെ അപമാനിക്കുവാനും ചില മാധ്യമങ്ങൾ മത്സരിച്ചത് അച്ചനും ശ്രദ്ധിച്ചുകാണുമല്ലോ. യഥാർത്ഥ വസ്തുതകൾ പുറത്തു കൊണ്ടുവരുവാനും സത്യത്തിനുവേണ്ടി നിലകൊള്ളുവാനും "ദീപിക' മാത്രമേ ഉണ്ടായിരുന്നുള്ളു.

പ്രിയ അച്ചാ, ഈ ഒക്ടോബർ മാസത്തിൽ അച്ചന്റെ ഇടവകയിൽ കൊന്തനമസ്കാരം നടത്തുമ്പോൾ ഈ കേസിന്റെ സത്യം വെളിപ്പെടുത്തുവാൻ ഒരു ദിവസം അച്ചനും ഇടവക ജനവും പ്രത്യേക നിയോഗം വച്ചു പ്രാർത്ഥിക്കണമെന്ന് ഞങ്ങൾ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. വിശ്വാസജീവിതത്തിൽ പ്രതിസന്ധികളുണ്ടാകാതെ ഞങ്ങൾ സധൈര്യം പിടിച്ചു നിൽക്കുന്നതിനും സത്യസന്ധരായ ന്യായാധിപന്മാരുടെ നിഷ്പക്ഷ വിധികളിലൂടെ ഈ കേസിന്റെ യഥാർത്ഥ വസ്തുതകൾ പുറത്തുകൊണ്ടുവരുവാനുമാണ് നാം പ്രാർത്ഥിക്കേണ്ടത്. എന്നും ബലിയിൽ എല്ലാ സഹനങ്ങളും യേശുവിനു ഞങ്ങൾ കാഴ്ചവയ്ക്കുന്നുണ്ട്. നിങ്ങളുടെ ബലിയിൽ ഞങ്ങളേയും സമർപ്പിക്കുക. ദുഃഖം ഉണ്ടാകാറുണ്ടെങ്കിലും നിരാശ ഞങ്ങളെ അലട്ടുന്നില്ല. ഇതു വിളിയുടെ ജീവിതമാണ്. വിളിച്ചവൻ ഞങ്ങളെ കാത്തുകൊള്ളും. പൗരോഹിത്യത്തിൽ ഞങ്ങൾ അഭിമാനിക്കുന്നു. പൗരോഹിത്യ കൂട്ടായ്മയും സാഹോദര്യവുമാണ് ഞങ്ങളുടെ ശക്തി. ഇടവകയിൽ ശുശ്രൂഷ ചെയ്യുന്ന സിസ്റ്റേഴ്സിനും സംഘടനാഭാരവാഹികൾക്കും ഇടവക ജനം മുഴുവനും ഞങ്ങളുടെ നന്ദിയും സ്നേഹവും അറിയിക്കുന്നു.

സ്നേഹപൂർവ്വം.

ഫാ. തോമസ് കോട്ടൂർ.

ഫാ. ജോസ് പൂ തൃക്കയിൽ ഓ.എസ്.എച്ച്.

---

*(Continued from page 3)*

യിൽ നിന്നുള്ള "മുലകുടി" മാറ്റി അജപാലന സ്വയം പര്യാപ്തതയിലേയ്ക്കുള്ള വളർച്ചയ്ക്ക് അടിത്തറ പാകുവാനുള്ള കഠിന പ്രയത്നത്തിനിടയിൽ ക്നാനായ മിഷനറിമാരായ വൈദികർ ഇവിടെ ഏറെ തെറ്റിദ്ധരിക്കപ്പെടുകയും വിമർശിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു. എങ്കിലും അദ്ധ്വാനത്തിന്റെ സൽഫലം കാണുമ്പോൾ സഹനം മറന്നു സന്തോഷിക്കുന്ന കർഷകരെപ്പോലെയും മക്കളുടെ ഉയർച്ചയിൽ മതിമറന്ന് ആനന്ദിക്കുന്ന മാതാപിതാക്കളെപ്പോലെയും അമേരിക്കയിലെ ക്നാനായ മിഷനറിമാർ ദൈവത്തിനു നന്ദിയർപ്പിച്ചുകൊണ്ട് ക്നാനായ റീജിയന്റെ പതിനേഴാമത്തെയും പതിനെട്ടാമത്തെയും മിഷനുകൾ ഈ ആഴ്ചയിൽ ഉണ്ടായതിൽ സന്തോഷിക്കുന്നു. കെനറ്റിക്കട്ടിലെ പതിട്ടാമത്തെ മിഷൻ പിറന്നതോടെ നമ്മുടെ ക്നാനായ റീജിയൺ ആരോഗ്യവും ലാവണ്യവുമുള്ള യൗവനത്തിലെത്തിയിരിക്കുന്നു. ഇനി അത് 21ആയി പ്രായപൂർത്തിയിലേയ്ക്കും, കൂടുതൽ പള്ളികളും രൂപതയുമായി പക്വതയിലേയ്ക്കും വളരേണ്ടിയിരിക്കുന്നു.

പുറത്തു മിഷൻ പ്രവർത്തനം നടത്തുന്ന മിഷനറിമാർ പുറജാതിക്കാരിൽനിന്നാണ മതപീഡനമേറ്റതെങ്കിൽ അമേരിക്കയിലെ ക്നാനായ വൈദികർ സ്വന്തം ജനത്തിൽനിന്നുതന്നെയാണ് അപാനപാത്രം വേണ്ടതിലധികം അനുഭവിച്ചത്. ഈ സഹനത്തിന്റെ തീച്ചൂളയിൽ എരിഞ്ഞടങ്ങാതെ കരുത്തു നല്കിയ നമ്മുടെ ചില അല്മായരുടെ ത്യാഗപൂർവ്വകമായ പ്രേഷിത പിന്തുണയെ എന്നും നന്ദിയോടെ സ്മരിക്കും.

ഈ പ്രേഷിത തീക്ഷ്ണതയും കൂട്ടായ്മയും ഇനിയും പെരുകി വർദ്ധിച്ച് കോട്ടയം അതിരൂപതയുടെ വളർച്ചപോലെ നമ്മുടെ അമേരിക്കൻ ക്നാനായ റീജിയൺ കരുത്തുറ്റ പ്രേഷിത സഭയായി വളരുവാൻ ദൈവനാമത്തിൽ നമുക്കു കരംകോർക്കാം. അപ്പോൾ നമുക്കു കൂടുതൽ മിഷനുകൾ മാത്രമല്ല, പള്ളികളും രൂപതയും നമുക്കുണ്ടാകുവാൻ അധികം വൈകേണ്ടി വരില്ല.

ഒത്തിരി സ്നേഹത്തോടെ,

ഫാ. ഏബ്രഹാം മുത്തോലത്ത്

# അണ്ണാറക്കണ്ണനും തന്നാലായത്



മേഴ്സി ഇടിയാലിൽ

നമ്മുടെ പൂർവ്വികർ കേരളത്തിന്റെ വിവിധഭാഗങ്ങളിൽ കല്ലും മണ്ണും ചുമന്ന് ദൈവലായങ്ങൾ കെട്ടിപ്പടുത്തതിന്റെ ഏറെ വിവരങ്ങൾ കേട്ടിട്ടുള്ളവരാണ് നാം. നാട്ടിലെ ദൈവാലയ നിർമ്മിതിക്കായി പുരുഷന്മാർ ശാരീരികമായി അദ്ധ്വാനിക്കുമ്പോൾ സ്ത്രീകൾ അവർക്ക കൈത്താങ്ങായി മാറാറുണ്ട്. ദൈവാലയ നിർമ്മാണത്തിൽ ഏർപ്പെടുന്നവർക്ക് ഭക്ഷണം പാകം ചെയ്തും, പിടിയരി മാറ്റിവച്ച് സ്വരുക്കൂട്ടിയും, കോഴിമുട്ട കൂട്ടിവച്ചും ചെറിയ രീതിയിൽ ധനസമാഹരണം നടത്താറുണ്ട്. ഇവിടെയെല്ലാം വലിയ സാമ്പത്തിക നേട്ടത്തെക്കാൾ ഉപരി നമ്മുടെ സ്വന്തം ദൈവാലയമാണ് പണിയുയരുന്നത് എന്ന അവബോധം ഇടവകാംഗങ്ങളിൽ ജനിപ്പിക്കുന്നതിനു വേണ്ടിക്കൂടിയാണ് ചെറിയ ഫണ്ടുശേഖരണ പരിപാടികൾ നാം സംഘടിപ്പിക്കുന്നത്.

ചിക്കാഗോയിൽ നാമും മറ്റൊരു ദൈവാലയ നിർമ്മിതിയിലാണ്. നമ്മുടെ സമുദായത്തിൽ സൗഹാർദ്ദത്തിന്റെ അന്തരീക്ഷം നിലനിർത്തിക്കൊണ്ട് ദൈവം നല്കിയിരിക്കുന്ന മോർട്ടൻ ഗ്രോവ് പദ്ധതിയെ നമ്മുടെ രണ്ടാമത്തെ ദൈവാലയമാക്കി മാറ്റുവാനാണ് നാം ഉദ്ദേശിക്കുന്നത്. രണ്ടേകാൽ ഏക്കറിൽ സ്ഥിതിചെയ്യുന്ന വിശാലമായ സിനഗോഗും ഹാളും സ്കൂളും കിച്ചണും ഉൾപ്പെട്ട പദ്ധതി നമുക്ക് ഇന്ന് കെട്ടിടസമുച്ചയം മാത്രമാണ്. ഈ കെട്ടിടത്തെ സീറോമലബാർ ആരാധനാ ക്രമമനുസരിച്ചുള്ള ദൈവാലയമാക്കി മാറ്റണമെങ്കിൽ അലങ്കാര പണികൾ ആവശ്യമാണ്. മനോഹരമായ അൾത്താരയും സങ്കീർത്തിയും മുഖവാരവും ഉണ്ടാകണം. കസേരകൾ മാറ്റി ബഞ്ച് ഇടുന്നത് ഉചിതമായിരിക്കും. പല വലിപ്പത്തിലുള്ള കുരിശുകളും രൂപങ്ങളും നമുക്കാവശ്യമാണ്. ഇവയിൽ ഏറ്റവും കൂടുതൽ ചിലവ് പ്രതീക്ഷിക്കുന്ന അൾത്താര ചിക്കാഗോയിലെ വനിതകൾ എല്ലാവരും ചേർന്ന് സ്പോൺസർ ചെയ്യുവാൻ സാധിച്ചാൽ അത് കുടുംബങ്ങളിൽ ഏറെ ദൈവാനുഗ്രഹപ്രദമായിരിക്കും. ദിവസേന നാം പ്രാർത്ഥിക്കുകയും നമുക്കായി ദിവ്യബലി അർപ്പിക്കപ്പെടുകയും ചെയ്യുന്ന അൾത്താര വനിതകൾ അദ്ധ്വാനിക്കുന്ന വിയർപ്പിന്റെ ഫലമായ് ഉണ്ടാകുമ്പോൾ അതിന് ഇരട്ടിമധുരമായിരിക്കും.

പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും നമുക്കത് സാധിക്കും. കുട്ടികൾ പിഗി ബാങ്കിലൂടെ പണം സ്വരൂപിക്കുന്നതുപോലെ, യുവജനങ്ങൾ വിവിധ പരിപാടികളിലൂടെ ധനസമാഹരണം നടത്തുവാൻ ഉദ്ദേശിക്കുന്നതുപോലെ, വനിതകൾക്കും ചെറിയ മാർഗ്ഗത്തിലൂടെ പണം കണ്ടെത്തുവാൻ സാധിക്കണം. സാധിക്കുന്നവരെല്ലാം മാസത്തിൽ ഒരു ദിവസമെങ്കിലും കൂടുതൽ ജോലിചെയ്തും, ചെറിയ തുകകൾ സ്വന്തം പിഗിബാങ്കിൽ നിക്ഷേപിച്ചും, ഭക്ഷണപദാർത്ഥങ്ങൾ ഉണ്ടാക്കി നമ്മുടെ ഇടയിൽ വിറ്റഴിച്ചും, റാഫിൾ നടത്തിയും, ബേക്ക് സെയിൽ നടത്തിയും, കൊന്തകെട്ടിയും നമുക്ക് പണം കണ്ടെത്താനാകും. ചിക്കാഗോയിലെ ആദ്യത്തെ ദൈവാലയം ഉണ്ടാക്കുവാനായ് വനിതകൾ ഒരു ദിവസത്തെ വേതനം നിരനിരയായ് വന്ന് സംഭാവന ചെയ്തത് അന്നത്തെ ഫണ്ട് റെയ്സിംഗിന് എത്രമാത്രം പ്രചോദനകരമായിരുന്നു എന്ന് ഇത്തരുണത്തിൽ ഓർത്തുപോകുകയാണ്. അനാവശ്യ ആഡംബരങ്ങളും ധൂർത്തും ഒഴിവാക്കിയും സ്നേഹം പങ്കുവെച്ചും പ്രാർത്ഥന മുഖമുദ്രയാക്കി മാറ്റിയും നമുക്ക് നുള്ളിപ്പെറുക്കാം. അണ്ണാറക്കണ്ണനും തന്നാലായത് എന്ന പഴഞ്ചൊല്ലിന് ഏറ്റവും അർത്ഥമുള്ള സമയമാണ് അടുത്ത അഞ്ചാറുമാസക്കാലം. നമ്മുടെ പരിശ്രമങ്ങളുടെ വിജയത്തിനായ് പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം ഈ കൊന്തമാസത്തിൽ നമുക്ക് അപേക്ഷിക്കാം.

## വൈവാഹികം / MATRIMONIAL

### Box No. 101

അമേരിക്കയിൽ ജനിച്ചതും അമേരിക്കയിൽ ഒരു പ്രൈവറ്റ് കമ്പനിയിൽ ഇൻഷ്വറൻസ് ഏജന്റായി ജോലിനോക്കുന്നതുമായ ക്നാനായ കാത്തലിക് യുവതിയ്ക്ക് (30) ഇതേ സമുദായത്തിൽപ്പെട്ട യുവാക്കളുടെ മാതാപിതാക്കളിൽനിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

### Box No. 102

Knanaya Catholic parents invite proposal for their son (29, 5'10" U.S. Born), Ph.D. in Pharmacy, from parents of professionally qualified Knanaya girls.

### Box No. 103

നാട്ടിൽനിന്നും ബി.എസ്സി. നേഴ്സിംഗ് കഴിഞ്ഞ് മൂന്നു വർഷം മുമ്പ് അമേരിക്കയിൽ എത്തി ഇപ്പോൾ ഗവണ്മെന്റ് ആശുപത്രിയിൽ ആർ.എൻ.ആയി ജോലിനോക്കുന്ന ക്നാനായ കത്തോലിക്കാ യുവതിയ്ക്ക് (24) ഇതേ സമുദായത്തിൽപ്പെട്ട പ്രൊഫഷണലായി ക്വാളിഫൈഡായ യുവാക്കളുടെ മാതാപിതാക്കളിൽനിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**Submit your details in a sealed envelope with box number written on the envelope to Agape Store or to the Marriage Bureau, 2218 Westview Dr., Des Plaines, IL 60018. To publish your matrimonial, please contact Agape Store or our volunteer coordinator Jose Aikkaraparampil at 847-894-0550.**

**For Favor Received**



**-Reena Naduveettil**

**For Favor Received**



**- Abraham**

# Pre-Marriage Course



The next Marriage Preparation Course, in our church will be held from October 23rd evening to 25th evening. Participants are also welcome from outside Chicago. Please register with the Family Commission of our Parish by contacting Tonny Pullappally at 630-205-5078.

# നവംബറിൽ എല്ലാ കുർബ്ബാനകളിലും മരിച്ചവരെ സ്മരിക്കാം



മുൻ വർഷത്തേതുപോലെ ഈ നവംബറിലും എല്ലാ കുർബ്ബാനകളിലും, ദൈവസന്നിധിയിലേയ്ക്കു പറന്നുയർന്ന നമ്മുടെ പൂർവ്വികരെ അനുസ്മരിച്ചു പ്രാർത്ഥിക്കുവാൻ സൗകര്യമൊരുക്കുന്നു. അതിൽ സഹകരിക്കുവാൻ ആഗ്രഹിക്കുന്നവർ, തങ്ങളുടെ പ്രിയപ്പെട്ടവരുടെ പേരെഴുതി സംഭാവനയും ചേർത്ത് എൻവലപ്പിൽ ഇട്ട് പള്ളിയിൽ ഏല്പിക്കുക. പേരെഴുതിയ എൻവലപ്പ് നവംബറിൽ മുഴുവൻ അൾത്താരയിൽവച്ച് പരേതർക്കുവേണ്ടി ബലിയർപ്പിക്കുന്നതാണ്. അതിലൂടെ ലഭിക്കുന്ന സംഭാവന ക്നാനായ സെമിത്തേരിയിലെ ഗ്രോട്ടോയ്ക്കുവന്ന ചെലവിനാണ് ഉപയോഗിക്കുന്നത്.



Participants of Tour to Minneapolis/St. Paul to attend inauguration of Knanaya Mission of Minnesota.

## For Favors Received







- Santha Valacheril

## THANK YOU

**We have raised more than we need for the down payment for St. Mary's Church in Morton Grove. However, we try to raise more to reduce the loan.**

**Thanks for all your support. Those who have not yet donated, please do so this week.**

## READERS / LECTORS — ഏലിയാ-സ്ലീവാ-മൂശാ കാലങ്ങൾ

| October 25 | PASSAGE | MALAYALAM MASS | ENGLISH MASS | ST. MARY'S UNIT |
|---|---|---|---|---|
| 1st Reading | Jeremiah 31:7-9 | Steby Thottam | Tony Madayanakavil | Ashley Kunnathkizhakkethil |
| 2nd Reading | Hebrews 5:1-6 | Daisy Poothattel | Steffy Idiyalil | Justina Edakkara |
| Gospel | Mark 10:46-52 | *Immediately the blind man received his sight and followed Jesus on the way.* | | |
| November 1 | PASSAGE | MALAYALAM MASS | ENGLISH MASS | ST. MARY'S UNIT |
| 1st Reading | Rev. 7:2-4, 9-14 | TBA | TBA | Jincy Aikkaraparampil |
| 2nd Reading | 1 John 3:1-3 | TBA | TBA | Maria Pulikkamattom |
| Gospel | Matthew 5:1-12a | The Beatitudes: your reward will be great in heaven. | | |

# MISSION SUNDAY

- We observe October 25th as Mission Sunday.
- We have to pray for all missionaries.
- Let us contribute for mission work through second collection, and auction at Maywood and OLV.
- We are also missionaries of Christ and so we need to rededicate our life for Christ's Mission through the service of our church and service of all humanity.

| OFFERINGS | October 18 |
|---|---|
| St. Mary's Regular Offering | 181.00 |
| Other Contributions | 150.00 |
| Building Fund collected since last week | 50,500.00 |
| **TOTAL ST. MARY'S UNIT** | **50,831.00** |
| **Total Building fund for Second Church** | **752,688.00** |
| Maywood Regular Offering | 1,411.00 |
| English Mass at Maywood | 89.00 |
| Guadalupe Shrine Offering | 61.00 |
| Food for retreat on October 3 & 4 | 612.00 |
| Food birthday sponsors October 4 & 11 | 550.00 |
| Building Fund | 25.00 |
| Religious Education Fee | 1,145.00 |
| Agape Store for charity | 62.00 |
| Other Contributions | 1,000.00 |
| **TOTAL AT MAYWOOD** | **4,955.00** |

# സകല മരിച്ചവരുടെ തിരുന്നാൾ

മേവുഡിൽ: ഓക്ടോബർ 31 ശനിയാഴ്ച രാവിലെ 10:00ന് മരിച്ചവരുടെ പാട്ടു കുർബ്ബാന.
തുടർന്ന് ക്നാനായ സെമിത്തേരിയിൽ പൊതു ഒപ്പീസ്.
ഓ.എൽ.വി.യിൽ: നവംബർ 1ഞായറാഴ്ച വൈകുന്നേരം 5:30 കുർബ്ബാനയും ഒപ്പീസും.

മുൻ പതിവുപോലെ രണ്ടു പള്ളികളിലെ കുർബ്ബാനകൾക്കും സെമിത്തേരിയിലും *നിങ്ങളുടെ പ്രിയ പരേതരുടെ ഫോട്ടോകൾ കൊണ്ടുവന്നു വയ്ക്കാവുന്നതാണ്.*



© J. S. Paluch Co., Inc.

**MIAO & HIMALAYAS PILGRIMAGE**
**Leaving Chicago on Sunday April 25, 2010.**
**Returning on Tuesday May 4th early morning.**
***RESERVE EARLY TO GET DISCOUNT AIR FARE.***

## YOUTH AND ADULTS RETREAT

Sacred Heart Church and St. Mary's Unit offers Residential **Couples Retreat and Youth Retreat in Malayalam and English. Separate Session for Juniors and Seniors.** Thy Kingdom Come Team will guide the adult retreat. Mark Nemo and others will lead the youth retreat. Those above 12 years of age are welcome.
WHEN: **December 27th evening to 30th evening**. WHERE: **Bishop Lane Retreat Center, Rockford**.
Common Transportation will be arranged. Early Registration is required to assure your seat. Registration fee per person to meet the expense including food, accommodation, resource team, and transportation is **$250 for adults and $200 for youth**. Please don't miss this great opportunity for spiritual experience. Please register with payment to Retreat coordinators, youth directors or DREs. For forms, go to: http://knanayaregion.us/chicago,
Email: joemutholam@prorehabpt.org


YOU INVITE THE GUESTS, WE DO THE REST
Malabar
Catering &Carry-out
**Professional with 11 years experience in catering.**
Call
**WILLIAM GEORGE**
911 Greenwood Road,
Glenview, IL 60025
Tel: 847-998-5635
Cell 773-842-5179
E-mail:
malabarcat@yahoo.com




**Tax Services / Mortgage Services**
**Sabu Madathiparambil**
Cell: 847-276-7355/ 847-918-0242
sabuaphilip@hotmail.com
1600, Dempster St. Suite-205,
Park Ridge, IL-60068.
(Opp. to Lutheran General Hospital).
Illinois Residential Mortgage Licensee
Professional Mortgage Solutions, Inc



EQUAL HOUSING LENDER
PMSI

**WALDEN CAR CARE CENTER**
***Auto Repair With Personal Care***
**ALEX THECCANAT**
**Mon-Fri 8AM SAT 8AM to 3PM**



**1601 East Algonquin Road**
**Schaumburg, (847) 397-2244**
**Cell: (847) 962-4153**
**Brakes, Tune up, Fuel Injection, Engine Performance, Tires-Balance, Computer Service, Transmissions & All Auto Works.**

*Your Rehab Specialists*
**Pro-Rehab Services, P.C.**
&
Choicecare Home Health, Inc.



CHOICE CARE Home Health Inc.
Palos Heights and Tinley Park
(708) 489 6PRS or (708) 489-0123
www.pro-rehabservices.com
www.choicecarehh.com
Best Compliments from the Mutholath Family

